15023
10/7/17

കേരള സർക്കാർ

മലയാറ്റൂർ ഡിവിഷനിലെ തുണ്ടത്തിൽ റെയിഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷൻ ഒ.ആർ.2/2005 നമ്പർ കേസിൽ വേണ്ടത്ര ഗൗരവം നൽകി അന്വേഷിക്കാത്ത ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി ഔപചാരികാന്വേഷണം നടത്തുവാനും, അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ(സാധാ)നം.238/2017/വനം തീയതി, തിരുവനന്തപുരം, 24.06.2017

പരാമർശം :
1) 03.07.2015 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വിജിലൻസ്)ന്റെ റിപ്പോർട്ട്.
2) 20.02.2017 ലെ 809615/എ 2/2016/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3) ശ്രീ.പി.കെ.രാജേഷ്, റെയിഞ്ച് ഫോറസ്റ്റാഫീസർ, ശ്രീ.പി.കെ.സുനിൽകുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റോഫീസർ, ശ്രീ.സി.സി.പത്രോസ്, സെക്ഷൻ ഫോറസ്റ്റോഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികൾ.
4) 12.05.2017 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്ററു (ഭരണം)ടെ ബി4-34319/15 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

മലയാറ്റൂർ ഡിവിഷനിലെ തുണ്ടത്തിൽ റെയിഞ്ചിലെ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ചാഫീസർ ശ്രീ.പി.കെ.സുനിൽകുമാർ മുമ്പാകെ കളരിക്കുടി ദേവസ്സി മകൻ കുഞ്ഞുമോൻ എന്നയാൾ 21.05.2015 ൽ ഒരു കുറ്റസമ്മതം നൽകിയിരുന്നു. ടിയാൻ വനം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടിയാൻ കൂടിയുള്ള ഒരു സംഘം വേട്ടക്കാർ 2014 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലഘട്ടത്തിൽ വനത്തിൽ കടന്നു അഞ്ച് ആനകളെ വേട്ടയാടി കൊന്നിട്ടുണ്ടെന്നും വ്യക്തമാക്കിയിരുന്നു. ശ്രീ.കുഞ്ഞുമോൻ പ്രസ്തുത സംഘത്തോടൊപ്പം പാചകക്കാരനായി അഞ്ച് അവസരങ്ങളിൽ നായാട്ടിന് പോയിരുന്നുവെന്നും ആയതിൽ നാല് തവണയും ആനകളെ വേട്ടയാടുകയും കൊല്ലുകയും ചെയ്തിരുന്നു എന്നും മൊഴി നൽകുകയുണ്ടായി. ടിയാന്റെ കുറ്റസമ്മതമൊഴിയുടെ അടിസ്ഥാനത്തിൽ കരിമ്പാനി ഫോറസ്റ്റ്

സ്റ്റേഷനിൽ ഒ.ആർ.2/2015 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിരുന്നുവെങ്കിലും ടി കേസിൽ കുറ്റസമ്മതം നടത്തിയ ശ്രീ.കുഞ്ഞുമോനെ പ്രതിയാക്കിയില്ല. ആയതിൽ ഫലപ്രദമായ തുടരന്വേഷണം നടത്തുന്നതിൽ തുണ്ടത്തിൽ റെയിഞ്ചാഫീസർ ശ്രീ.പി.കെ.രാജേഷ്, ഡെപ്യൂട്ടി റെയിഞ്ചാഫീസർ ശ്രീ.കെ.പി.സുനിൽകുമാർ എന്നിവർ ഉൾപ്പെട്ട സംഘത്തിന് കഴിഞ്ഞില്ലായെന്നും ഇതു സംബന്ധിച്ച കേസ്സുകളിൽ വേണ്ടത്ര പുരോഗതിയുണ്ടായില്ലെന്നും ടി വിഷയത്തിലെ ഗുരുതരമായ വീഴ്ചകൾക്കു താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഉത്തരവാദികളാണെന്നും പരാമർശം (1) പ്രകാരം പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി.

1) ശ്രീ.പി.കെ.രാജേഷ്, റെയിഞ്ച് ഫോറസ്റ്റാഫീസർ, തുണ്ടത്തിൽ റെയിഞ്ച്.
2) ശ്രീ.കെ.പി.സുനിൽകുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റാഫീസർ, കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷൻ.
3) ശ്രീ.സി.സി.പത്രോസ്, സെക്ഷൻ ഫോറസ്റ്റാഫീസർ കരിമ്പാനി ഫോറസ്റ്റ് സ്റ്റേഷൻ.

2) വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ റിപ്പോർട്ടിലും ആയതിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ റിപ്പോർട്ടിലും മുകളിൽ പറഞ്ഞിട്ടുള്ള ജീവനക്കാരുടെ ഭാഗത്ത് ഗുരുതരമായ വീഴ്ചകൾ ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

3) ശ്രീ.പി.കെ.രാജേഷ്, റെയിഞ്ച് ഫോറസ്റ്റാഫീസർ, തുണ്ടത്തിൽ റെയിഞ്ച്, ശ്രീ.കെ.പി.സുനിൽകുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റാഫീസർ, ശ്രീ.സി.സി.പത്രോസ്, സെക്ഷൻ ഫോറസ്റ്റാഫീസർ എന്നിവർക്കെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുകയുമുണ്ടായി.

4) കുറ്റപത്രം കുറ്റാരോപണ പത്രികയ്ക്ക് പരാമർശം (3) പ്രകാരം ലഭ്യമാക്കിയ പ്രതിവാദ പത്രിക പരിശോധിച്ചതിൽ ടിയാന്മാർ നൽകിയിട്ടുള്ള വാദത്തിലെ സത്യാവസ്ഥ ബോധ്യപ്പെടുന്നതിലേയ്ക്കായും സ്വാഭാവിക നീതി അനുവദിക്കുന്നതിനും ഔപചാരികാന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല ആയതിന്റെ അനിവാര്യത അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആയതിലേയ്ക്കായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി) ഡോ.പി.പുകഴേന്തി, ഐ.എഫ്.എസിനെ അന്വേഷണാധികാരിയായും, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പാട്ടീൽ സുയോഗ് സുഭാഷ് റാവു ഐ.എഫ്.എസിനെ പ്രസന്റിംഗ് ഓഫീസറായും നിയോഗിക്കാവുന്നതാണെന്ന് പരാമർശം (4) പ്രകാരം

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) ശുപാർശ ചെയ്തിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ ടിയാന്മാർ നൽകിയിട്ടുള്ള വാദത്തിലെ സത്യാവസ്ഥ ബോധ്യപ്പെടുന്നതിലേയ്ക്കായും സ്വാഭാവിക നീതി അനുവദിക്കുന്നതിനും ഔപചാരികാന്വേഷണം നടത്തുവാനും അതിനായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി) ഡോ.പി.പുകഴേന്തി, ഐ.എഫ്.എസിനെ അന്വേഷണാധികാരിയായും, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ശ്രീ.പാട്ടീൽ സുയോഗ് സുഭാഷ് റാവു ഐ.എഫ്.എസിനെ പ്രസന്റിംഗ് ഓഫീസറായും നിയോഗിച്ച് ഉത്തരവാകുന്നു. അന്വേഷണാധികാരി, അന്വേഷണ റിപ്പോർട്ട് 3 മാസത്തിനകം കൃത്യമായും സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ഡോ.പി.പുകഴേന്തി, ഐ.എഫ്.എസ്
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇൻഫർമേഷൻ ടെക്നോളജി)
ശ്രീ.പാട്ടീൽ സുയോഗ് സുഭാഷ് റാവു ഐ.എഫ്.എസ്
തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,
ശ്രീ.പി.കെ.രാജേഷ്,
റെയിഞ്ച് ഫോറസ്റ്റാഫീസർ,
ശ്രീ.കെ.പി.സുനിൽകുമാർ,
ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റാഫീസർ,
ശ്രീ.സി.സി.പത്രോസ്,
സെക്ഷൻ ഫോറസ്റ്റാഫീസർ
(അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള തിരുവനന്തപുരം
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ